7

**കേരളസർക്കാർ**

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് -ഉന്നതതല സമിതി പുന:സംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

**സ.ഉ.(കൈയെഴുത്ത്) നം. 07/2017/ഉഭപവ.** **തിരുവനന്തപുരം, തീയതി 23/02/2017**

---

പരാമർശം:
1) 02.03.1993 ലെ സ.ഉ(കൈ)നം.3/83/ഉഭപവ
2) 22.07.2004 ലെ സ.ഉ(കൈ)നം.09/04/ഉഭപവ
3) 20.08.2004 ലെ സ.ഉ(കൈ)നം.10/2004/ഉഭപവ
4) 06.10.08 ലെ സ.ഉ(കൈ)നം.08/2008/ഉഭപവ.
5) 06.06.2012-ലെ സ.ഉ.(കൈ)നം.27/2012/ഉഭപവ.
6) 05.07.2014-ലെ സഉ(കൈ) നം.18/2014/ഉഭപവ.
7) 28.11.2015-ലെ സഉ(കൈ)നം.34/2015/ഉഭപവ.

## ഉത്തരവ്

കേരള സർക്കാരിന്റെ ഔദ്യോഗികഭാഷാനയം വിജയകരമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി മലയാള ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിന് പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം ബഹു.മുഖ്യമന്ത്രി അധ്യക്ഷനായി ഉന്നതലസമിതി രൂപവൽക്കരിച്ചിരുന്നു. ഈ സമിതി യഥാകാലം പുന:സംഘടിപ്പിച്ചു പോരുന്നു. ഭരണഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിന് ഉന്നതതല സമിതി പുന:സംഘടിപ്പിക്കുന്നത് ഉചിതവും ആവശ്യവുമാണെന്ന് സർക്കാർ കരുതുന്നു. അതിനാൽ ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി താഴെപ്പറയും പ്രകാരം പുന:സംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മുഖ്യമന്ത്രി — അദ്ധ്യക്ഷൻ
2. സാംസ്കാരിക വകുപ്പ മന്ത്രി — ഉപാദ്ധ്യക്ഷൻ.

ഔദ്യോഗികാംഗങ്ങൾ:

3. ചെയർമാൻ, ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി.
4. ചീഫ് സെക്രട്ടറി.
5. സെക്രട്ടറി, ഔദ്യോഗികഭാഷാ വകുപ്പ്.
6. സെക്രട്ടറി, ധനകാര്യ വകുപ്പ്.
7. സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
8. ചെയർമാൻ, ഔദ്യോഗിക ഭാഷ(നിയമനിർമ്മാണ) കമ്മിഷൻ, തിരുവനന്തപുരം.
9. ഡയറക്ടർ, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
10. ഡയറക്ടർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
11. ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്.
12. ഭാഷാ വിദഗ്ധൻ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്.

അനൗദ്യോഗികാംഗങ്ങൾ:

1. ശ്രീമതി.സുഗതകുമാരി, നന്ദാവനം, തിരുവനന്തപുരം
2. ശ്രീ. ജോർജ്ജ് ഓണക്കൂർ, സുദർശന, നാലാഞ്ചിറ, തിരുവനന്തപുരം
3. ശ്രീ.പ്രഭാവർമ്മ.,സൗപർണ്ണിക, വളഞ്ഞവട്ടം പി.ഒ, തിരുവല്ല.
4. ശ്രീ.കെ.സുരേഷ് കുറുപ്പ്, എം.എൽ.എ. കിഴക്കേനട, ഏറ്റുമാനൂർ കോട്ടയം, 686631.
5. ശ്രീ.വി. എൻ.മുരളി, വസന്തം, ചെമ്പകശ്ശേരി നഗർ, കേശവദാസപുരം, തിരുവനന്തപുരം-4

ഔദ്യോഗികഭാഷാ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

ഈ ഉത്തരവിൻ പ്രകാരം രൂപവൽക്കരിച്ചിട്ടുള്ള സമിതിയുടെ കാലാവധി ഉത്തരവുദിവസം മുതൽ മൂന്നു വർഷമായിരിക്കുന്നതാണ്.

## ഉന്നതതല സമിതിയുടെ നടപടിക്രമം

(1) കൺവീനർ ഔദ്യോഗികഭാഷാ വകുപ്പുമന്ത്രിയും സമിതിയുടെ അദ്ധ്യക്ഷനുമായ ബഹു.മുഖ്യമന്ത്രിയുമായി ആലോചിച്ച് സമിതിയോഗം ചേരുന്നതിനുള്ള സ്ഥലവും തീയതിയും സമയവും നിശ്ചയിക്കേണ്ടതും അതനുസരിച്ച് യോഗം വിളിച്ചുകൂട്ടേണ്ടതുമാണ്.

(2) സമിതി ആറു മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(3) എല്ലാ സർക്കാർ വകുപ്പുകളും സെക്രട്ടറിയേറ്റിലെ ഭരണ വകുപ്പുകളും ഭാഷാമാറ്റം സംബന്ധിച്ച് എടുത്തിട്ടുള്ള നടപടികളും ഇക്കാര്യത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സംബന്ധിച്ച് ത്രൈമാസ റിപ്പോർട്ട് തൊട്ടടുത്ത മാസം 10-ാം തീയതിക്കകം ഔദ്യോഗികഭാഷാ വകുപ്പിലേക്ക് അയക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച അവലോകനം ഔദ്യോഗികഭാഷാ വകുപ്പ് ഉന്നതതലസമിതി മുമ്പാകെ വയ്ക്കേണ്ടതാണ്. സമിതിയുടെ തീരുമാനം അനുസരിച്ച് ഔദ്യോഗികഭാഷാ വകുപ്പ് മേൽനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ഉന്നതതല സമിതിയുടെ കർത്തവ്യങ്ങൾ

1. ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുക.
2. ഭാഷാമാറ്റ പരിപാടിയിലെ പോരായ്മകൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
3. ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക.
4. മാറിമാറി വരുന്ന പരിതസ്ഥിതികൾ ഭാഷാമാറ്റത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ആർ. ജ്യോതിലാൽ**
**സെക്രട്ടറി**

ബഹു.മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി.
ചെയർമാൻ, ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാ സമിതി ( ആമുഖകത്ത് സഹിതം)
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ അഡീഷണൽ
ചീഫ് സെക്രട്ടിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
നിയമസഭാ സെക്രട്ടറി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , ( ആഡിറ്റ്)/(എ & ഇ), കേരള, തിരുവനന്തപുരം
ഉന്നതതല സമിതിയിലെ അംഗങ്ങൾ
വകുപ്പുതല മേധാവികൾ
ജില്ലാ കളക്ടർമാർ
എല്ലാ വകുപ്പുകളുടേയും ജില്ലാതല/മേഖലാതല ഓഫീസർമാർ (വകുപ്പ് മേധാവി മുഖേന)
വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ